അന്തരിച്ച ഈ മഹത്വ്യക്തികളോടുള്ള ബഹുമാനസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു).

III ആദരാഞ്ജലി

തീവണ്ടി ദുരന്തത്തിൽ മൃതിയടഞ്ഞവർക്ക്

മി. സ്പീക്കർ : ഇക്കഴിഞ്ഞ ഫെബ്രുവരി 28-ാം തീയതി വെളുപ്പിന് തലശ്ശേരിയിൽ ഉണ്ടായ തീവണ്ടി ദുരന്തത്തെ തുടർന്നു ഇരുപത്തിയേഴുപേർ മരിക്കുകയും ഒട്ടനവധി പേർക്ക് പരിക്കുപറ്റുകയും ചെയ്തു. അടുത്ത കാലത്ത് കേരളം കണ്ട അതിഭീരുണമായ ഈ അത്യാഹിതം ഉളവാക്കിയ ആഘാതത്തിൽനിന്ന് നാം ഇനിയും വിമുക്തമായിട്ടില്ല. മൃതിയടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കുള്ള ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം, ഈ സംഭവത്തിൽ ഈ സഭയുടെ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് നമുക്ക് അൽപ്പനേരം എഴുന്നേറ്റു നിൽക്കാം.

(സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്നു മൗനം ആചരിച്ചു.)

IV അടിയന്തിരപ്രമേയം

നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഗവൺമെന്റിന്റെ നടപടി

മി. സ്പീക്കർ : ഓർഡർ, ഓർഡർ, അടിയന്തിരപ്രമേയം.

രേണഘടനയുടെ വിശാലമായ താൽപ്പര്യങ്ങളേയും ആരോഗ്യകരമായ എല്ലാ കീഴ്വഴക്കങ്ങളേയും കാറ്റിൽ പറത്തിക്കൊണ്ട്, സഭയുടെയും അംഗങ്ങളുടെയും ന്യായമായ അവസരങ്ങൾ നിഷേധിക്കുകയും അംഗങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്തതായി പറയപ്പെടുന്ന ഗവൺമെന്റിന്റെ നിലപാടിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബേബിജോൺ, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. കാനം രാജേന്ദ്രൻ, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എ. വി. താമരാക്ഷൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, രേണഘടന അനുശാസിക്കുന്ന വ്യവസ്ഥകളെയോ കീഴ്വഴക്കങ്ങളെയോ ഒരിക്കലും ലംഘിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിച്ചിട്ടില്ല, ആഗ്രഹിക്കുകയുമില്ല. ഈ സഭ വിളിച്ചുകൂട്ടിയത് ഭരണഘടനയുടെ ഏതെങ്കിലും തരത്തിലുള്ള ലംഘനമായി ഗവൺമെന്റ് കാണുന്നില്ല, അങ്ങനെ അല്ലെന്നുള്ളതാണ് സത്യം. ഈ നിയമസഭ വിളിച്ചുകൂട്ടാൻ ഇത്ര ദിവസം വേണമെന്ന് ഒരു സ്ഥലത്തും പ്രതിപാദിക്കുന്നില്ല. നേരെമറിച്ച് അംഗങ്ങൾക്ക് ചോദ്യം കൊടുക്കുന്നതിന് സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി നിയമസഭാ ചട്ടത്തിൽ 12 ദിവസം ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭാ ചട്ടങ്ങളിലാകട്ടെ, രേണഘടനയിലാകട്ടെ, നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചുകൂട്ടുന്നതിനുള്ള നോട്ടീസിനെക്കുറിച്ച് എവിടെയും നിർദ്ദേശിച്ചിട്ടില്ല. നിയമസഭ വിളിച്ചുകൂട്ടാൻ ഈ ചുരുങ്ങിയ കാലംകൊണ്ട് നിശ്ചയിച്ചുവെന്നുള്ളത് ഒരാക്ഷേപമാണെങ്കിൽ ഈ സംസ്ഥാനത്ത് തന്നെ സാധാരണ കാലയളവിൽ ചുരുങ്ങിയ ദിവസത്തിനുള്ളിൽ ബഡ്ജറ്റു സമ്മേളനം നടന്നിട്ടുണ്ട്. തെരഞ്ഞെടുപ്പു കഴിഞ്ഞ് ഉടനെ വരുന്ന നിയമസഭയുടേതല്ല. 1971-ൽ നിയമസഭ സമ്മേളിച്ചത് മാർച്ച് മാസം പന്ത്രണ്ടാം തീയതിയാണ്. അന്ന് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ബേബിജോണും അതുപോലെ തന്നെ അപ്പുറത്തിരിക്കുന്ന പലരും ഒരുമിച്ച് ഇപ്പുറത്തിരുന്ന അവസരത്തിൽ ആണ് സമ്മേളനം വിളിച്ചുകൂട്ടിയത്. ഇന്നുതന്നെ ഇതര സംസ്ഥാനങ്ങളിൽ, മഹാരാഷ്ട്രയിൽ, തമിഴ്നാട്ടിൽ സമ്മേളിക്കുകയാണ്. ഈ സഭ കുറേക്കൂടി നേരത്തേ കൂടാമായിരുന്നു എന്നുള്ളതിന് ഒരു അഭിപ്രായ വ്യത്യാസം പറയുകയല്ല. നിയമസഭ വിളിച്ചുകൂട്ടുന്നതിൽ എന്തെങ്കിലും അസാധാരണമായ ഒരു നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഈ സഭയിലെ ഓരോ അംഗവും അംഗങ്ങളുടെ അവകാശത്തെ കാത്തുസൂക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ്, അക്കാര്യത്തിൽ ദിവസം ചുരുങ്ങിയെങ്കിൽപോലും സാധാരണ നിലയിൽ ഉണ്ടാകേണ്ട പന്ത്രണ്ട് ദിവസത്തെ നോട്ടീസ് ഈ സഭയിലെ അംഗങ്ങളുടെ അവകാശത്തെ സംരക്ഷിക്കാൻ ചുമതലപ്പെട്ട അങ്ങ് വേയ്വുചെയ്തു് ചോദ്യം ചോദിക്കാൻ അവസരം നൽകി. അങ്ങ് സ്വീകരിച്ച ഈ സമീപനത്തെ, നല്ല സമീപനത്തെ ഗവൺമെന്റ് അതേ അർത്ഥത്തിൽതന്നെ സ്വീകരിച്ച് മറുപടി കൊടുക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

.....(ബഹളം).....

ഇന്നുതന്നെ അങ്ങ് ശ്രദ്ധിച്ചിരിക്കും, ഒരൊറ്റ ചോദ്യത്തിനുപോലും 'വിവരം ശേഖരിച്ചുവരുന്നു' എന്നു പറയേണ്ട സ്ഥിതി വരുത്തിയിട്ടില്ല. സാധാരണ ഗതിയിൽ ..... (ബഹളം)..... പന്ത്രണ്ട് ദിവസത്തെ നോട്ടീസ് നൽകി ഉത്തരം ശേഖരിക്കുന്നതിനെക്കാൾ വേഗത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തി അതിനുവേണ്ടി പ്രത്യേകം തസ്തികകൾപോലും ഉപയോഗിച്ച് റിപ്പോർട്ട് ശേഖരിക്കാൻ പറയുകയും റിപ്പോർട്ടുകൾ സ്വീകരിച്ച് മിക്കവാറും സ്റ്റാർഡ് ക്വസ്റ്റ്യനിനെല്ലാറ്റിനും ഉത്തരം തയ്യാറാക്കി കൊടുക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിലും ഈ സഭയെ സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കിയെന്നു പറയാൻ നിവൃത്തിയില്ല. ഈ സഭ രണ്ട് കാര്യങ്ങൾക്കാണ് പ്രധാനമായിട്ട് കൂടിയിട്ടുള്ളത്. ഒന്ന് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്നതിന്, രണ്ടാമതായിട്ട് ബഡ്ജറ്റ് അവതരിപ്പിച്ച് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയെടുക്കുന്നതിന്. അതിനാവശ്യമായ ദിവസങ്ങൾ കണ്ടെത്തി. ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മൂന്നു ദിവസമുണ്ട്. ബഡ്ജറിനു രണ്ടുദിവസവും വോട്ട് ഓൺ അക്കൗണ്ടിന് ഒരു ദിവസവും അങ്ങനെ 3 ദിവസം ചർച്ച ചെയ്യാൻ അവസരമുണ്ട്. അതുപോലെ അപ്രോപ്രിയേഷൻ ബില്ലുമുണ്ട്..... .....(ബഹളം) .....

മി. സ്പീക്കർ : ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ നിലപാട് വിശദീകരിക്കുകയാണ്. അത് പറയാനുള്ള ബാദ്ധ്യത അദ്ദേഹത്തിനുണ്ട്. നിങ്ങൾ സൗമ്യമായിരുന്ന് അത് കേൾക്കണം. ഇതിനെക്കുറിച്ച് സംസാരിക്കാൻവേണ്ടി നോട്ടീസ് തന്ന ആളുകളെ സംസാരിക്കാൻ പിന്നീട് അനുവദിക്കുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : ഇക്കാര്യത്തിൽ സ്വകാര്യ അംഗങ്ങളുടെ ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഗവർണ്ണറുടെ അഡ്രസ്സും ബഡ്ജറ്റ് അവതരണവും

LIBRARY ARCHIVES Kerala Legislative Assembly

എല്ലാക്കാലത്തും വെളളിയാഴ്ചയാണ് ഉണ്ടാകാറുള്ളത്. ഈ നിയമസഭാ സമ്മേളനകാലത്ത് മറ്റൊരു വെളളിയാഴ്ച വരുന്നത് 28-ാം തീയതിയാണ്, നിർഭാഗ്യവശാൽ മാർച്ചുമാസത്തിൽ വളരെ അപൂർവ്വമായിട്ടാണ് ഈസ്റ്റർ വരുന്നത്. ഈ മാർച്ചുമാസത്തിൽ ഈസ്റ്ററായതുകൊണ്ട് ആ വെളളിയാഴ്ചയും മുടക്കമായിപ്പോയി. ആ ന്യൂനത പരിഹരിക്കാൻവേണ്ടി അത്രയും സമയം നമുക്ക് എല്ലാവർക്കും കൂടിയിരുന്ന് അഡ്വൈസറി കമ്മിറ്റി വിളിച്ചുകൂട്ടി ചർച്ചചെയ്താൽ അതിനാവശ്യമായ സമയം കണ്ടെത്താൻ സാധിക്കും. നിയമസഭാംഗങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കാൻ കൂട്ടായി ഉച്ചതിരിഞ്ഞ് വേണമെങ്കിലും ഇരിക്കാം. അതിനുവേണ്ടി എത്രദിവസമിരിക്കണമെങ്കിലും ഈ ഗവൺമെൻറ് തയ്യാറാണ്.

മറ്റൊരുകാര്യം പറയാനുള്ളത്, ഓർഡിനൻസുകളെ സംബന്ധിച്ചാണ്. മറ്റാരെക്കാളും ഇക്കാര്യത്തിൽ ഗവൺമെൻറിനു ഖേദമുണ്ട്. ഓർഡിനൻസുകൾ കഴിവതും ഒഴിവാക്കണമെന്ന് ഈ ഗവൺമെൻറിനു ആഗ്രഹമുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാവുന്നതുപോലെ ഓർഡിനൻസ് നിയമമാക്കാൻ മാത്രമായിട്ട് ഒരു സമ്മേളനം വിളിച്ച് ഒരു മാസം കൂടിയിട്ടുപോലും പല കാരണങ്ങളാൽ നമുക്ക് രണ്ടോ മൂന്നോ ബില്ലുകൾ മാത്രമേ പാസ്സാക്കാൻ കഴിഞ്ഞിട്ടുള്ളു. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെൻറ് കാര്യമായ, സത്വരമായ നടപടി സ്വീകരിക്കും. ഈ സഭ കഴിഞ്ഞാൽ ബഡ്ജറ്റ് പാസ്സാക്കുന്നതിനുവേണ്ടി സമ്മേളനം കൂടിയിട്ട് ഈ ബില്ലുകൾ എടുക്കുന്നതിനുവേണ്ടി മാത്രം കൂടാം. പക്ഷേ ഈയവസരത്തിൽ മറ്റു പ്രശ്നങ്ങളുന്നയിച്ച് സമയം കളയാതെ നമുക്കെല്ലാവർക്കും കൂടി സഹകരിക്കാം.

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന കാര്യങ്ങൾക്ക് എന്തെങ്കിലും വിയോജിപ്പുണ്ടെങ്കിൽ അത് പറയാൻ അവസരം തരുന്നുണ്ട്. എല്ലാവരുംകൂടി ഒരുമിച്ച് പറയാൻ തുടങ്ങിയാൽ വളരെ കഷ്ടമാണ്.

ശ്രീ. കെ. കരുണാകരൻ : ഈ സഭയുടെ അവകാശം സംരക്ഷിക്കുന്നതിനും ഭരണഘടനാ ബാദ്ധ്യത നിറവേറ്റുന്നതിനും മറ്റു കാര്യങ്ങൾ നടത്തുന്നതിനും ഈ ഗവൺമെൻറ് പരമാവധി ശ്രമിക്കുന്നുണ്ട്. അതിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടി പ്രതിപക്ഷത്തിൻെറ സഹായവും തേടിയിട്ടുണ്ട്. അതുകൊണ്ട് ഇതിൽ അസാധാരണമായി ഒന്നുമുണ്ടായിട്ടില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി വിളിച്ചുകൂട്ടിയാൽ ഇതിനുള്ള എല്ലാ സംവിധാനങ്ങളും നമുക്ക് ഉണ്ടാക്കാൻ സാധിക്കും. ഓർഡിനൻസുകൾ നിയമമാക്കുന്നതിന് മാറാരെക്കാളും താൽപ്പര്യമുള്ള ഗവൺമെൻറാണ് ഇത്. ആവശ്യമുള്ള നടപടികൾ സ്വീകരിക്കാം. അതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു പ്രശ്നമാണിതെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. ബേബി ജോൺ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം കേട്ടപ്പോൾ കൂടുതൽ ബോദ്ധ്യമായത് തീർച്ചയായും അങ്ങയുടെ നൂളിങ്ങോടുകൂടി സഭ നിറുത്തിവച്ച് കാര്യമായി ചർച്ചചെയ്യേണ്ടതാവശ്യമാണെന്നാണ്. ഞാനൊരു പ്രതിപക്ഷാംഗമെന്നുള്ള നിലയ്ക്കല്ല ഈ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയത്. ഈ സഭയിൽ ഭരണപക്ഷം—പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങൾക്കുമുള്ള അവകാശത്തിൻമേൽ കയ്യേറ്റം നടന്നിരിക്കുന്നു. അംഗങ്ങൾക്ക് സ്വതന്ത്രമായി

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായി പ്രവർത്തിക്കാനുള്ള അവസരങ്ങൾക്ക് തടസ്സം സൃഷ്ടിച്ചിരിക്കുന്നുവെന്ന് വിശ്വാസം വന്നതുകൊണ്ടാണ് ഈ നോട്ടീസ് നൽകിയത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ ആദ്യം പറയാം. അദ്ദേഹം പറഞ്ഞു, ഭരണഘടനയിൽ എന്ന് നോട്ടീസ് നൽകണമെന്ന് പറഞ്ഞിട്ടില്ലെന്ന്. റൂൾസ് ഓഫ് പ്രൊസീഡുവറിൽ പറഞ്ഞിട്ടില്ല, എത്ര ദിവസത്തെ നോട്ടീസ് നൽകണമെന്ന്. ഈ ഗവൺമെന്റിന്റെ സ്വഭാവം അതുതന്നെയാണ്; സാങ്കേതികത്വത്തിൽ നിൽക്കുകയാണ്. നിയമം എന്തുദ്ദേശിക്കുന്നുവോ അതിനെതിരായി പ്രവർത്തിക്കുക, റൂൾസ് ഓഫ് പ്രൊസീഡുവറിൽ എന്തുദ്ദേശിക്കുന്നുവോ അതിനെതിരായി പ്രവർത്തിക്കുക, ഇതാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. സഭ കൂടുന്നതിനെക്കുറിച്ച് ആദ്യംതന്നെ പറഞ്ഞിട്ടുണ്ട്.

The Secretary shall issue summons to each member specifying the date, time and place for a section of the Assembly:

Provided that when a Session is called at short notice or emergently, summons may not be issued to each member separately but an announcement of the date and place of the session shall be published in the Gazette and made in the Press and the members may be informed by telegram.

അപ്പോൾ സാധാരണഗതിയിൽ, ഒരു നിയമസഭ കൂടുന്നതിനുവേണ്ടി സെക്രട്ടറി സമൻസ് അയയ്ക്കണം. അതാണ് സാധാരണ ഗതിയിലുള്ള നടപടിക്രമം. അസാധാരണമായ സന്ദർഭം വരുമ്പോൾ, അടിയന്തിരാവസ്ഥ ഉണ്ടാകുന്നയവസരത്തിൽ, വല്ല പകർച്ചവ്യാധിയോ പ്രളയമോ ഉണ്ടാകുന്നയവസരത്തിൽ—അങ്ങനെ സംസ്ഥാനമൊട്ടാകെ ബാധിക്കുന്ന കാര്യങ്ങൾ വരുമ്പോൾ ചിലപ്പോൾ നോട്ടീസ് കൊടുത്ത് വിളിച്ചുകൂട്ടാൻ ഒക്കാതെ വരും. അങ്ങനെ വരുന്ന എമർജൻസി സിറ്റുവേഷനിൽ കമ്പിയടിക്കാം, പ്രസ്താവന നടത്താം എന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം ഇപ്പോൾ പറഞ്ഞതെന്താണ്? റൂൾസ് ഓഫ് പ്രൊസീഡുവറിൽ പറഞ്ഞിട്ടില്ല, ഭരണഘടനയിൽ പറഞ്ഞിട്ടില്ല ഇത്ര ദിവസത്തെ നോട്ടീസ് നൽകണമെന്ന്. സർ, ഇത് ശരിയാണോയെന്നാണ് ഞാൻ ചോദിക്കുന്നത്? അതാണ് തെറ്റായ വ്യാഖ്യാനം. ഉദ്ദേശിക്കാത്തതിനെതിരായി ചെയ്യുകയാണ്. റൂൾസ് ഓഫ് പ്രൊസീഡുവറിൽ ഇത്ര ദിവസമെന്ന് പറഞ്ഞിട്ടില്ലെങ്കിലും ചോദ്യം അയയ്ക്കുന്നതിന് മറുപടി കിട്ടണമെങ്കിൽ ക്ലിയറായിട്ട് പത്തുദിവസം ഉണ്ടായിരിക്കണം. പന്ത്രണ്ടു ദിവസത്തിനുമുമ്പ് എങ്കിലും ഈ നോട്ടീസ് കിട്ടിയാൽ അല്ലേ അംഗങ്ങൾക്ക് ചോദ്യം അയയ്ക്കാൻ സാധിക്കുകയുള്ളു. അത് വളരെ വ്യക്തമല്ലേ? കുറഞ്ഞത് പന്ത്രണ്ട് ദിവസമെങ്കിലും സമയം വേണം, ഈ ചോദ്യം ടേബിളിൽ വയ്ക്കാൻ എന്നാണ് റൂൾസ് ഓഫ് പ്രൊസീഡുവറിൽ വിഭാവന ചെയ്യുന്നത്, സ്പെസിഫിക്കായിട്ട് പറഞ്ഞിരിക്കുന്നത്. ഇതിൽ ആകെക്കൂടി നോക്കുമ്പോൾ റൂൾസനുസരിച്ച് 12 ദിവസം മുമ്പെന്നാണ് പറഞ്ഞിരിക്കുന്നത്. 1971-ലെ കാര്യങ്ങളെക്കുറിച്ച് ഞാൻ പറയാം. ഈ ഗവൺമെന്റ് നിയമസഭ കൂടണമെന്ന് തീരുമാനിച്ചത് മാർച്ച് 8-ാം തീയതിയാണ്. അങ്ങനെ ഒരേർപ്പാടുണ്ടായിട്ടുണ്ടോ നമ്മുടെ സംസ്ഥാനത്ത്? തെരഞ്ഞെടുപ്പു നടക്കുകയാണെങ്കിൽ ആ വർഷത്തിൽ മാർച്ച് മാസത്തിലോ ഫെബ്രുവരി മാസത്തിലോ തെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ പെട്ടെന്ന് നോട്ടീസ് കൊടുക്കുവാൻ തീരുമാനിക്കും. ഈ മന്ത്രിസഭ വന്നിട്ട് മേയ് മാസമാകുമ്പോഴേക്കും നാലു കൊല്ലമാകുന്നു. ഇത് 1971-ൽ നടന്നില്ലേയെന്നു ചോദിച്ചു. 1971 മാർച്ച് 12-ാം തീയതി നടന്നു. ആ സമ്മേളനം ഏപ്രിൽ 30-ാം തീയതി വരെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. മാർച്ച് 31-ാം തീയതി ബഡ്ജറ്റിന്റെ രണ്ട് 'ഇണ്ടാസ്' പാസാക്കിക്കൊണ്ട് നിർത്തിയതല്ല. ഏപ്രിൽ 30-ാം തീയതിവരെ സഭയുണ്ടായിരുന്നു. നിയമനിർമ്മാണത്തിനുള്ള അവസരമുണ്ടായിരുന്നു. ഇപ്പോഴത്തന്നെ അദ്ദേഹം എന്താണ് പറഞ്ഞത്? സകല കീഴ്വഴക്കങ്ങളും ലംഘിക്കാൻ അദ്ദേഹം തീരുമാനിച്ചിരിക്കുന്നു. കഴിഞ്ഞ കുറെ ദിവസങ്ങളായി ഉള്ള കീഴ്വഴക്കങ്ങളും—മൂന്നു ദിവസം ഗവർണ്ണറുടെ പ്രസംഗത്തിൻമേലുള്ള ചർച്ച, മൂന്നു ദിവസം ബഡ്ജറ്റ് പ്രസംഗത്തിൻമേലുള്ള ചർച്ച, ഒരു ദിവസം സപ്ലിമെന്ററി ഡിമാൻറിന്റെ ചർച്ച, ഒരു ദിവസം അതിന്റെ അപ്രോപ്രിയേഷൻ ബില്ല്, ഒരു ദിവസം വോട്ട് ഓൺ അക്കൗണ്ടിൻമേൽ ചർച്ച, ഒരു ദിവസം അതിന്റെ അപ്രോപ്രിയേഷൻ ബില്ല്. അങ്ങനെ നോക്കുമ്പോൾ കുറഞ്ഞത് 12 ദിവസം വേണം. കഴിഞ്ഞ കീഴ്വഴക്കങ്ങളനുസരിച്ച് സിറ്റിംഗ് നടപടികളിൽ പറഞ്ഞിരിക്കുന്നത് 12 ദിവസം വേണമെന്നാണ്. ഇപ്പോൾ ഷെഡ്യൂൾ ചെയ്തിരിക്കുന്ന ടൈമിൽ 10 സിറ്റിംഗേ ഉള്ളു. ഇത് അവകാശങ്ങളെ വെട്ടിക്കുറയ്ക്കുകയല്ലേ ചെയ്യുന്നത്? കീഴ്വഴക്കങ്ങളെ ലംഘിക്കുകയല്ലേ? അതിന് പ്രത്യേക സാഹചര്യങ്ങളുണ്ടായോ? തെരഞ്ഞെടുപ്പ് കഴിഞ്ഞോ? തെരഞ്ഞെടുപ്പ് ഉടനെയൊന്നും ഇല്ലല്ലോ? അംഗങ്ങൾക്ക് അവകാശങ്ങളില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവത്തോടെയാണ് പറഞ്ഞത്. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കുമുള്ള അവകാശങ്ങളെ വളരെ പ്രധാനപ്പെട്ട അവകാശങ്ങളായിട്ടാണ് ഞാൻ കാണുന്നത്.

പ്രൈവറ്റ് മെമ്പേഴ്സ് ബില്ല് അവതരിപ്പിക്കാൻ സമയം എവിടെയാണ്? എനിക്ക് വാസ്തവത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ പ്രതിഛായയെപ്പറ്റിയുള്ള ചോദ്യത്തിന്റെ മറുപടിയിൽ അരമണിക്കൂർ ഡിസ്ക്ഷൻ സജസ്റ്റ് ചെയ്യണമെന്ന അഭിപ്രായമുണ്ട്. ഈ ടൈറ്റ് ഷെഡ്യൂളിൽ അങ്ങേക്ക് സമയം കണ്ടെത്താൻ കഴിയുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. ഒരു നിയമസഭാംഗം എന്ന നിലയിൽ ഇത് എന്റെ അവകാശമല്ലേ? ആ അവകാശത്തിൻമേലുള്ള കൈകടത്തലല്ലേ ഇത്? എന്നിട്ടു പറയുന്നു അതൊന്നും ഇല്ലായെന്ന്. പത്തു ദിവസത്തെ സിറ്റിംഗ് കൊണ്ട് ഇതെങ്ങനെ നടക്കും. അപ്പോൾ കീഴ്വഴക്കങ്ങളില്ല. അങ്ങുതന്നെ ഞങ്ങൾക്കെഴുതി, കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും വേണ്ടി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാമെന്ന്. എങ്ങനെയാണ് സർ ഒരുമിച്ച് പരിശ്രമിക്കുന്നത്? നമുക്കുണ്ടായിരുന്ന അവകാശങ്ങൾ ഈ ഗവൺമെൻറ് കുറച്ചുകുറച്ചുകൊണ്ടുവന്നിട്ട് ഇതു ഞങ്ങൾക്കെങ്ങനെ സാധിക്കും? ഞങ്ങൾക്ക് ചോദ്യം ചോദിക്കുവാൻ സാധിക്കുന്നില്ല, പ്രമേയത്തിന് നോട്ടീസ് കൊടുക്കുവാൻ സാധിക്കുന്നില്ല, പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന് സാധിക്കുന്നില്ല, അരമണിക്കൂർ ഡിസ്ക്ഷന് സാധിക്കുന്നില്ല, ഞങ്ങൾക്ക് റൂൾ 130 അനുസരിച്ച് റെയ്സ് ചെയ്യാൻ സാധിക്കുന്നില്ല. അങ്ങനെ ഈ നിയമസഭകൊണ്ട് ജനങ്ങൾക്ക് ഫലപ്രദമായ സഹായങ്ങൾ ചെയ്യുന്നതിനും അറിവ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിൽനിന്നും നിയമസഭാംഗങ്ങളെ ബോധപൂർവ്വം തടസ്സപ്പെടുത്തുന്നതിനുള്ള നടപടികളാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.

സർ, ഓർഡിനൻസുകളെക്കുറിച്ച് പറയാൻ എനിക്ക് ഭയമുണ്ട്. അത് മറെറാന്നുംകൊണ്ടല്ല. കഴിഞ്ഞ നിയമസഭയിൽ ചരിത്രപ്രധാനമായ റൂളിംഗ് അങ്ങ് നൽകുകയും ചെയ്തു. ശ്രീ. മൗലേക്കറുടെ കാലംമുതൽ ലോകസഭയിൽ വന്നിട്ടുള്ള റൂളിംഗ്സ് ഉണ്ട്. അങ്ങയുടെ റൂളിംഗിനു ശേഷമുണ്ടായ സ്ഥിതിവിശേഷമെന്താണെന്ന് അറിയാമോ? അന്ന് ചിലർ ശപഥം ചെയ്തുവെന്നാണറിയുന്നത്—ഈ സ്പീക്കറെ വച്ചുകൊണ്ട് ഇനി സഭ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുകയില്ലായെന്ന്. പിന്നീട് അത് മാറി. ഈ ധനകാര്യമന്ത്രിയെ വച്ചു കൊണ്ട് ഇനി നടക്കുകയില്ലായെന്നായി. അതൊന്നും എന്റെ കാര്യമല്ല. ഞാൻ പറയാൻ വന്ന കാര്യമാണ് പായുന്നത്. സഭയുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് ഭീഷണി ഉണ്ടാകുന്നത് മെമ്പറൻമാരുടെ അവകാശത്തെ ബാധിക്കുന്ന കാര്യമാണ്. ഇപ്പോഴ ശ്രീ. മൗലേകറിന്റെ റൂളിംഗ് ഞാൻ വായിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ദുഃഖത്തോടെയാണെന്ന് ഭാവിച്ചുകൊണ്ട് പറഞ്ഞു. സഭ പിരിഞ്ഞുവന്നുവെന്ന്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, 1982 മേയ് മാസത്തിനുശേഷം, 249 ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും ആകെയുണ്ടായിരുന്നത് ഒരേയൊരു ഓർഡിനൻസാണ്. ഒരേയൊരു ഓർഡിനൻസുള്ള സമയത്ത് അധികാരത്തിൽവന്ന ഈ ഗവൺമെന്റ് 249 ഓർഡിനൻസ് പുറപ്പെടുവിച്ചു. ഭരണഘടനയിൽ എവിടെയെങ്കിലും ഇത് റീ ഇഷ്യു ചെയ്യാൻ വിഭാവന ചെയ്തിട്ടുണ്ടോ? ഒരു സ്ഥലത്തുപോലും ഈ ഭരണഘടനയിൽ ഓർഡിനൻസ് ലാപ്സായാൽ രണ്ടാമത് റീ ഇഷ്യു ചെയ്യുകയെന്നത് അതിന്റെ നിർമ്മാതാക്കൾ ഒരിക്കലും അവരുടെ ഭാവനയിൽപ്പോലും വിചാരിച്ചിട്ടില്ല. ഇൻഡ്യയുടെ ആദ്യത്തെ പ്രധാനമന്ത്രി പണ്ഡിറ് ജവഹർലാൽ നെഹ്റുവിന്റെ ഭാവനയിൽപ്പോലും ഇല്ലായിരുന്നു. ഇതുവരെയുള്ള പാർലമെന്റിന്റെ ചരിത്രങ്ങൾ പരിശോധിച്ചാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ ആ ഓർഡിനൻസ് അടുത്ത പാർലമെന്റിൽ ടേബിളിൽ വയ്ക്കും. ഇവിടെ ടേബിളിൽ വച്ചു. അതാണ് സാങ്കേതികത്വം എന്നു പറയുന്നത്. ടേബിളിൽ വയ്ക്കുകയെന്നു പറഞ്ഞാൽ അതുകൊണ്ട് ഉദ്ദേശിക്കുന്നത്, അത് ചർച്ച ചെയ്യാൻ അവസരമുണ്ടാക്കുകയെന്നാണ്. രേഖയിൽ റൂൾ 30-ൽ പറയുന്നു, ആറാഴ്ചയ്ക്കകം അത് നിയമമാകാതെ വരികയാണെങ്കിൽ അത് നിയമരഹിതമാകും പ്രവർത്തനരഹിതമാകുമെന്നാണ്. ഭരണഘടനാ നിർമ്മാതാക്കൾ ഒരിക്കലും ഇങ്ങനെ സംഭവിക്കുമെന്ന് വിചാരിച്ചിട്ടില്ല. നമ്മുടെ മുഖ്യമന്ത്രിയുടെ ഈ വാദം ഇങ്ങനെ പോയാൽ ..... നമ്മുടെ ഭരണഘടനയുടെ ഒരു ഭാഗത്തു പറയുന്നു, തെരഞ്ഞെടുപ്പിന് നിൽക്കാതെ ആറു മാസംവരെ ഒരാളിന് മന്ത്രിയായി നിൽക്കാം എന്ന്. (വേണമെങ്കിൽ നിൽക്കാം, അല്ലെങ്കിൽ പോകാം). അദ്ദേഹത്തിന്റെ വ്യാഖ്യാനം അംഗീകരിച്ചുകൊടുത്താൽ ആറുമാസം കഴിഞ്ഞ് പത്തു ദിവസം മാറി നിന്നിട്ട് വീണ്ടും സത്യപ്രതിജ്ഞ ചെയ്യാം. ആറുമാസത്തിനകം എന്ന് പറഞ്ഞിട്ടുണ്ടല്ലോ? സർ, ചിലപ്പോൾ അങ്ങനെ ചെയ്തു കളയും. ഇപ്പോൾ നിയമസഭയുടെ മുമ്പിലുള്ളത് 32 ഓർഡിനൻസുകളാണ്. എന്റെ ഓർമ്മയിൽനിന്ന് പറയുകയാണ്. ഒരെണ്ണം ഒൻപതു പ്രാവശ്യം റീ ഇഷ്യു ചെയ്തതാണ്. അടുത്തത് പത്താമതാണ്. നാലെണ്ണം എട്ടാമത്തെ പ്രാവശ്യം റീ ഇഷ്യു ചെയ്തു. അഞ്ചെണ്ണം ഏഴാമത്തെതാണ്. ഇതിന്റെ അർത്ഥമെന്താണ് സർ? ഞാൻ വേദനയോടുകൂടി പറയുകയാണ്. ഈ നിയമസഭയുടെ നിയമനിർമ്മാണ പ്രവർത്തനങ്ങളെ ഈ ഗവൺമെന്റ് തുരങ്കം വയ്ക്കുന്നു, തകർക്കുന്നുയെന്ന്. ഈ ആക്ഷേപമാണ് എനിക്കുള്ളത്. എന്തിനാണ് സർ ഞങ്ങളെല്ലാം ഇവിടെ വന്നിരിക്കുന്നത്? ജനങ്ങൾ തെരഞ്ഞെടുത്താണ് ഞങ്ങൾ ഇവിടെ വന്നത്. ഞാനും മുഖ്യമന്ത്രിയും ജനങ്ങൾ തെരഞ്ഞെടുത്തിട്ടാണ് ഇവിടെ വന്നത്. ചിലർ മന്ത്രിമാരാകും. ചിലർ എം. എൽ. എ. മാരാകും. ഇത് ഒരു നിയമസഭാംഗത്തിനുള്ള അവകാശമാണ്. നിയമനിർമ്മാണ സമയത്ത് ഭരണഘടനയുടെ പഴുതുകൾ വച്ചുകൊണ്ട് നിയമനിർമ്മാണത്തിന് അവസരം കൊടുക്കാതെ മറികടക്കുന്ന ലജ്ജാകരമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സ്പീക്കർ മൗലേകറുടെ ഒരു റൂളിംഗുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

"The issue of an Ordinance is undemocratic and cannot be justified except in cases of extreme urgency or emergency.

ശ്രീ. എ. സി. ജോസ് : അതിന് അദ്ദേഹം മറുപടിയും പറഞ്ഞിട്ടുണ്ട്.

ശ്രീ. ബേബിജോൺ : അദ്ദേഹംതന്നെ അതിന് മറുപടി പറഞ്ഞിട്ടുണ്ട്.

It is not a question of present personnel in the Government, but a question of precedents ; and if this Ordinance issuing is not limited by convention only to extreme and very urgent cases, the result may be that, in future the Government may go on issuing ordinance giving Loksabha no option but to rubber stamp the Ordinances. അതിൽ പണ്ഡിറ്റ്ജി പറഞ്ഞ മറുപടിയുടെ കൂട്ടത്തിൽ ഒരു കറസ്പോണ്ടൻസുണ്ട് We have been reluctant to issue ordinances, എന്നാണ് അദ്ദേഹം തുടങ്ങിയിരിക്കുന്നത്. അപ്പോഴും പണ്ഡിറ്റ്ജി തന്നെ പറയുന്നു

We have issued in the past a very limited number of ordinances and to have always placed before Parliament the reasons for having issued each one of them. അങ്ങനെ അസാധാരണ സന്ദർഭങ്ങളിൽ ആകാം, പാർലമെന്റ് ഇതുവരെ ഓർഡിനൻസ് റീ ഇഷ്യു ചെയ്തോയെന്ന് എനിക്കറിയില്ല. എന്റെ പരമാവധി അറിവുവച്ചുകൊണ്ടാണ് ഞാൻ പറയുന്നത്.

ഒരു വാചകം മാത്രമേ എനിക്കു വായിക്കുവാനുള്ളു. ഭരണഘടനയെ വ്യാഖ്യാനിച്ചുകൊണ്ട് എത്ര പ്രാവശ്യം വേണമെങ്കിലും ആകാം എന്നു പറഞ്ഞതിനെക്കുറിച്ച് ഒരൊറ്റവാചകമേ എനിക്കു പറയാനുള്ളു. ലോക്കൽ അഡ്മിനിസ്ട്രേഷൻ ഓർഡിനൻസിന്റെ കാലാവധി ഈ 31-ാം തീയതിതീരും. അതിനുമുൻപ് സഭ പിരിയണം. മുൻപ് 26-ാം തീയതി സഭ 10 a. m. പെട്ടെന്ന് പിരിഞ്ഞതിന്റെ കാരണവും അതായിരുന്നു. നിയമസഭയെ മറികടക്കുക, നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് അവസരം കൊടുക്കാതിരിക്കുക അങ്ങനെ ഭരണഘടനയുടെ പഴുതുകൾ ഉപയോഗിച്ച് അതിന്റെ സ്പിരിട്ടിന് എതിരായി പ്രവർത്തിക്കുന്നു. Julius Pauls നാലാം നൂറ്റാണ്ടിൽ പറഞ്ഞു.

"One who does what a statute permits, transmisses the statute. One who contravenes the intention of the statute without disobeying its actual words commits a fraud on it."

Government has committed a fraud on it.

നിയമസഭാംഗങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാനുള്ള സൗകര്യമുണ്ടാക്കണം എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. അങ്ങയുടെ റൂളിംഗ് അങ്ങ് ഓർത്തിരിക്കണം. ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ അങ്ങേയ്ക്കാണ് ബാദ്ധ്യത. അങ്ങനെയുള്ള ബാദ്ധ്യതയുള്ള അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുന്നു ; ഗവൺമെന്റിന്റെ വിശദീകരണം എന്തുതന്നെയായാലും ശരി പാർലമെന്റിൽ നടന്നിട്ടുള്ളതു പോലെ, അങ്ങയുടെ ആഗ്രഹംപോലെ, അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ, ഫലപ്രദമായി പ്രവർത്തിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തുന്ന നടപടികളെക്കുറിച്ച് ചർച്ച ചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട ബേബിജോൺ, മാർച്ചുമാസം 12-ാം തീയതി കൂടാത്തതിന്റെ കാര്യം ഞാൻ മറന്നില്ല. രണ്ടു ദിവസത്തിന്റെ വ്യത്യാസമേയുള്ളു. അനൗദ്യോഗികാംഗങ്ങളുടെ അവകാശങ്ങളൊക്കെ മാർച്ചുമാസത്തിൽ വേണമോ, ഏപ്രിൽ മാസത്തിൽ വേണമോ, ഏപ്രിൽമാസം അവസാനം വേണമോ എന്നു തർക്കമുണ്ട്. മാർച്ച്മാസത്തിൽ സഭ വിളിച്ചുകൂട്ടി. രണ്ടുദിവസത്തെ കുറവേ വന്നിട്ടുള്ളു .....

(ബഹളം)

കീഴ്വഴക്കമനുസരിച്ചുണ്ടെങ്കിൽ അതു നടന്നിട്ടുണ്ട് എന്നർത്ഥം. ഞാൻ അതിലേക്ക് കടക്കുന്നില്ല. നിങ്ങൾ പറയുന്നത് കേട്ടിരുന്നാൽ ഞങ്ങൾ യോഗ്യന്മാർ. മറുപടി പറഞ്ഞാൽ അപകടകാരികൾ. അത് നടപ്പില്ല.

മി. സ്പീക്കർ : വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമെന്ന നിലയിലാണ് ശ്രീ. ബേബിജോൺ ഇത് പറഞ്ഞത്. സാധാരണ പതിവ് വിട്ട് ചെയർ അതിന് സമയം അനുവദിച്ചത് അതു കൊണ്ടാണ്. അദ്ദേഹത്തിന്റെ പോയിന്റുകൾ പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ന്യായമായും ഇതിനെ സംബന്ധിച്ച അഭിപ്രായം പറയാനുള്ള അവകാശമുണ്ട്. അദ്ദേഹം അത് പറയേണ്ടതാണ്. അത് കേൾക്കാനുള്ള ക്ഷമകാണിക്കണം .....

(ബഹളം)

ശ്രീ. കെ. കരുണാകരൻ : അതുകൊണ്ട് മാർച്ച്മാസം എന്നുള്ളത് മറ്റൊരു മാസത്തിലേക്ക് മാറ്റിവയ്ക്കാൻ ഇടയായി എന്നതിൽ കവിഞ്ഞ് മെമ്പറൻമാരുടെ അവകാശം നിഷേധിക്കുവാൻ ഗവൺമെൻറിന് ആഗ്രഹമില്ല.

ഓർഡിനൻസിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, 249 ഓർഡിനൻസ് ഇഷ്യൂ ചെയ്തു എന്നാണ്. നാലുവർഷമായി ഈ ഗവൺമെൻറ് വന്നിട്ട്. അങ്ങനെയൊരു ഭാഗ്യം അപൂർവ്വമായേ കിട്ടിയിട്ടുള്ളു. 249-ൽ 216 ഉം ഈ സഭ തന്നെ പാസ്സാക്കി. ഓർഡിനൻസ് കൊണ്ടുവരുന്നതിനുള്ള താല്പര്യമല്ല ഞാൻ പറഞ്ഞത്. പണ്ഡിറ്റ്ജി യെ വിവരിച്ചപ്പോഴ് പണ്ഡിറ്റ്ജി പറഞ്ഞ ബാക്കി ഭാഗം കൂടി പറയേണ്ടതായിരുന്നു. അത് ജനാധിപത്യപരവും പാർലമെന്ററി ഡെമോക്രസിക്ക് യോജിച്ചതുമാണ്. പാർലമെന്റിന്റെ വിശ്വാസം ഉള്ളിടത്തോളം ഈ ഗവൺമെൻറ് ചെയ്യുന്നതിൽ യാതൊരു അധാർമികതയും ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ബേബിജോൺ: അത് ഒന്നു വായിക്കാമോ ?

ശ്രീ. കെ. കരുണാകരൻ: ആ പുസ്തകം ഞാൻതന്നെ കൊണ്ടുവന്നു വായിക്കാം, ഞാൻ ആ വക തർക്കങ്ങളിലേക്ക് കടക്കുന്നില്ല. ഓർഡിനൻസ് ഇഷ്യൂ ചെയ്യാനുള്ള സാഹചര്യം പറയാം. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. ഈ നാട്ടിലെ വനം സംരക്ഷിക്കുന്നതിനുവേണ്ടി, വനം മുറിക്കുന്നത് തടയുന്നതിനുവേണ്ടി, അങ്ങനെയുള്ള അത്യാവശ്യ കാര്യങ്ങൾക്കു വേണ്ടിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. അല്ലാതെ എന്തെങ്കിലും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനോ എന്തെങ്കിലും സൗകര്യം നേടുന്നതിനോ അല്ല. നേരെമറിച്ച് ഈ സംസ്ഥാനത്തിന്റെ പ്രഖ്യാപിതമായ നയങ്ങളും പരിപാടികളും നടപ്പിലാക്കാൻ നിയമപരമായി ചില നടപടികൾ സ്വീകരിക്കേണ്ടിവന്നു എന്നതാണ്. അതിനുള്ള സംരംഭങ്ങൾ നമ്മൾ ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല. ഓർഡിനൻസുകൾ നിയമമാക്കാൻ വേണ്ടി മാത്രമായി നിയമസഭ ഒരിക്കൽ വിളിച്ചുകൂട്ടി, ഞാൻ അത് ആദ്യം സൂചിപ്പിച്ചതാണ്. ഇനിയും അതിനുള്ള അവസരം ഉണ്ടാക്കും. മാർച്ചോ ഏപ്രിലോ മേയോ എന്നുള്ള വ്യത്യാസമേയുള്ളൂ. തീർച്ചയായും മെമ്പർമാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മറ്റാരേക്കാളും ഉത്തരവാദിത്വവും ബാദ്ധ്യതയും ഈ ഗവൺമെൻറിനുണ്ട്. അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തും. അതുകൊണ്ട് ഈ വാദഗതികൾക്ക് പ്രസക്തിയില്ല.

ശ്രീ. ബേബി ജോൺ: ഈ നാലുകൊല്ലം ഭരിച്ചിട്ട് എന്തുകൊണ്ടാണ് 249 ഓർഡിനൻസുകൾ വന്നത് എന്നു പറഞ്ഞില്ല. നാലുവർഷത്തിനുള്ളിൽ നിയമനിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചത് വെറും 58 ദിവസം മാത്രമാണെന്ന് അങ്ങേക്ക് അറിയാമോ ?

(ബഹളം)

ശ്രീ. കെ. കരുണാകരൻ: എവിടെനിന്ന് കിട്ടിയതാണ് ഈ കണക്ക്. ഒരു വാതിലിൻറെ പാളി അടച്ചിട്ട് മറ്റേപാളി തുറന്നുകിടന്നാൽ പറയും, തുറന്നിട്ടില്ല അടച്ചിരിക്കുകയാണെന്ന്. അങ്ങനെ വളച്ചൊടിച്ച് പഴയ വില്ലേജുകളിലെ പാറവക്കീലുമാരുടെ വാദഗതി ഭരണഘടനാപരമായ കാര്യത്തിൽ കൊണ്ടുവരുന്നത് നിർഭാഗ്യകരമാണ്. മെമ്പറന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ ഈ ഗവൺമെൻറിൻറെ ഭാഗത്തുനിന്നും ചെയ്യാനുള്ളതെല്ലാം ഏതു സാഹചര്യത്തിലും ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബേബി ജോൺ : പാറവക്കീലന്മാരല്ല, രജിസ്ട്രാർ ഓഫീസിലെ ആധാരമെഴുത്തുകാരുണ്ടല്ലോ, അവരുടെ വാദഗതി ഉന്നയിക്കരുത്.

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. ബേബിജോണിന് പറയാനുള്ള എല്ലാ പോയിൻറുകളും, ഈ മോഷൻ തന്ന അവസരത്തിൽ എക്സ്പ്ലനേറ്ററി നോട്ടിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പറയുന്നതിന് ആവശ്യമായ സമയം കൊടുത്തുകഴിഞ്ഞു. ഏതു സ്റ്റേറ്റിലും അഡ്ജേൺമെൻറ് മോഷനു കൊടുക്കാനുള്ളതിൽകൂടുതൽ സമയം കൊടുത്തുകഴിഞ്ഞു. അതുകൊണ്ട് അങ്ങനെ ഞാൻ ഇനിയും അനുവദിക്കുന്നില്ല. ഈ പ്രശ്നത്തിൻറെ പ്രാധാന്യം കുറച്ചുകാണാൻ ചെയർ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട ബേബിജോൺ ഓർഡിനൻസിനെക്കുറിച്ച് പറഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനു വിശദീകരണം കൊടുത്തുകഴിഞ്ഞു. ഓർഡിനൻസുകളുടെ പെതുസ്ഥിതിയെ സംബന്ധിച്ച് ചെയർ നേരത്തെ ഒരു റൂളിംഗിൽ പറഞ്ഞിട്ടുള്ളതാണ്. അത് ഇവിടെ ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ല. മെമ്പറന്മാരുടെ അവകാശങ്ങളെയും അവസരങ്ങളെയും സംബന്ധിച്ച പ്രശ്നമാണ് ഇവിടെ വന്നിട്ടുള്ളത്. നിയമസഭാ സമ്മേളനത്തിൽ ചോദ്യോത്തരം ഒരു പ്രധാനകാര്യമാണ്. വളരെ ധൃതിപിടിച്ച് കമ്പിസന്ദേശം മുഖാന്തിരം വിളിച്ചു കൂട്ടിയ ഒരു സമ്മേളനമാണ് ഇത്. നിയമസഭ എപ്പോൾ വിളിച്ചുകൂട്ടണം എന്ന് തീരുമാനിക്കുന്നത് ഗവൺമെൻറിൻറെ അവകാശമാണ്, പ്രിറോഗറ്റീവാണ്. നിയമസഭ എപ്പോൾ വേണമെങ്കിലും വിളിച്ചുകൂട്ടാനുള്ള അവകാശം ഗവൺമെൻറിനുണ്ട്. അതേസമയം ചോദ്യോത്തരവേള ഇല്ലാതാക്കരുതെന്ന് പ്രത്യേകമായിട്ടുള്ള നിർബന്ധം ചെയറിനുണ്ട്. അതുകൊണ്ടാണ് ചുരുങ്ങിയ സമയമാണെങ്കിലും പന്ത്രണ്ട് ദിവസത്തെ നോട്ടീസ് വേണമെന്നുള്ള ആ റൂൾ വേവ് ചെയ്യാൻ അനുവദിച്ചത്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കേണ്ടിവന്നത് നിയമസഭാ സെക്രട്ടേറിയറ്റാണ്. ചോദ്യങ്ങളെസംബന്ധിച്ചിടത്തോളം നാലുദിവസം നിയമസഭാസെക്രട്ടേറിയറ്റിന് കിട്ടുന്നതാണ്. എന്നാൽ മൂന്നുമണിക്കൂർകൊണ്ടാണ് നിയമസഭാ സെക്രട്ടേറിയറ്റ് ഇത് ചെയ്തീട്ടുള്ളത്. അതുകൊണ്ട് യാഥാർത്ഥത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരോട് ചെയ്തിന് പ്രത്യേകമായ മതിപ്പുതന്നെയുണ്ട്. വളരെ ഭംഗിയായി ഈ കാര്യങ്ങൾ നിർവ്വഹിച്ചിരിക്കുകയാണ്. സാധാരണ ഗവൺമെൻറിന് എട്ടു ദിവസം കിട്ടും. എട്ടു ദിവസത്തെ നോട്ടീസാണ് കൊടുക്കുന്നതെങ്കിലും അഞ്ചുദിവസം ഗവൺമെൻറിന് കൊടുത്തു. ആ അഞ്ചുദിവസംകൊണ്ട് നല്ലരീതിയിൽത്തന്നെ എല്ലാ മറുപടിയും തന്നു എന്നുള്ളത് പ്രത്യേകം എടുത്ത് പറയേണ്ടതാണ്. സാധാരണ 12 ദിവസത്തെ നോട്ടീസ് കിട്ടുന്ന അവസരത്തിൽ പോലും ചില ചോദ്യങ്ങൾക്ക് മറുപടികിട്ടാൻ താമസം വരും. എന്നാൽ അഞ്ചുദിവസത്തെ നോട്ടീസേ ഉള്ളൂ എങ്കിലും ഒന്നുരണ്ട് അൺസ്റ്റാർഡ് ചോദ്യം ഒഴിച്ചാൽ ബാക്കി എല്ലാറ്റിനും കൃത്യമായ മറുപടിതന്നെ കിട്ടിയെന്നു പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് മെമ്പർമാർക്ക് ഉള്ള അസൗകര്യം ഒഴിവാക്കാൻ സാധിച്ചു.

മറ്റൊരു പ്രശ്നം ശ്രീ. ബേബിജോൺ ഉന്നയിച്ചത് പ്രൈവറ്റ് മെമ്പറന്മാർക്കുള്ള ദിവസത്തെപ്പറ്റിയാണ്. ശരിയാണ്. പ്രത്യേകസാഹചര്യത്തിൽ

.....

(ബഹളം)

വരാൻ പോകുന്ന ഒരു ദിവസം മുടക്കമാണ്. രണ്ടു ദിവസങ്ങളിൽ ഗവർണ്മെന്റ് അഡ്രസും ബഡ്ജറ്റ് പ്രസന്റേഷനും വരുന്നുണ്ട്. മെമ്പറന്മാർക്ക് സാധാരണഗതിയിൽ കിട്ടേണ്ട അവകാശങ്ങളും ഒരു പ്രധാനകാര്യം തന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബിസിനസ് അഡ്വൈസറി കമ്മിറ്റികൂടി മെമ്പറന്മാർക്ക് എങ്ങനെ കൂടുതൽ അവസരങ്ങളും ഉണ്ടാക്കാം എന്ന് ചർച്ചചെയ്യാം എന്ന് പറഞ്ഞിരിക്കുകയാണ്. തീർച്ചയായും അവസരങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്നിപ്പോൾ ഷെഡ്യൂൾ ചെയ്തിരിക്കുന്നതിനേക്കാൾ കൂടുതലായി അംഗങ്ങൾക്ക് അവസരം നൽകാനുള്ള ശ്രമം കൂട്ടായി നടത്തും എന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്തുകൊണ്ട് എല്ലാവരുടെയും സഹകരണത്തോടുകൂടി കൂടുതൽ അവസരങ്ങളും അംഗങ്ങൾക്ക് നൽകാനുള്ള ശ്രമം നടത്തും എന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞു. തീർച്ചയായും നമുക്ക് ചർച്ച ചെയ്യാം എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ അടിയന്തിര പ്രമേയം ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നാന്നില്ല. അതുകൊണ്ട് ചെയർ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇവിടെ കുറെ വിശദീകരണം നടന്നു.

പക്ഷേ 174-ാം വകുപ്പനുസരിച്ച്, നിയമസഭ കാലാകാലങ്ങളിൽ കൂടണമെന്നുള്ള വ്യവസ്ഥയുണ്ട്. അതു ലംഘിച്ച്, ആറുമാസം ആകാൻ പോകുന്ന 25-ാം തീയതിക്ക് മുൻപ് നിയമസഭ ലാപ്സ്സായി പ്രോസ്തംഭനം ഒഴിവാക്കാൻമാത്രമായിട്ടാണ് കമ്പിമുഖാന്തിരം നിയമസഭകൂടിയത്. ഞങ്ങൾക്ക് കിട്ടേണ്ടസമയം കിട്ടിയില്ല അതുകൊണ്ട് Rule 20, Rule 27 and other rules, സകല അംഗങ്ങളുടെയും അവകാശങ്ങളും ലംഘിക്കത്തക്കവിധത്തിലുള്ള നടപടികളാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഞങ്ങൾ നിയമസഭയിൽനിന്ന് വാക്കൗട്ട് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരിയും അവരുടെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

[ശ്രീ. കാനം രാജേന്ദ്രൻ: സർ, ബഹുമാനപ്പെട മുഖ്യമന്ത്രി ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു സ്വകാര്യാംഗങ്ങളുടെ കാര്യത്തിന് മാർച്ച് മാസം അവസരം നൽകണമോ ഏപ്രിൽമാസം അവസരം നൽകണമോയെന്നുള്ളതിനെ സംബന്ധിച്ചുള്ള തർക്കമേയുള്ളുവെന്ന്. ഈ നിയമസഭയ്ക്ക് മാർച്ചുമാസം 31-ാം തീയതി കഴിഞ്ഞ് ഒറ്റദിവസം മുന്നോട്ടു പോകാൻ വയ്യാത്ത സാഹചര്യം ഉള്ളതു് എല്ലാവർക്കുമറിയാം. ഇഷ്യൂ ചെയ്ത ഓർഡിനൻസുകളുള്ളപ്പോൾ മാർച്ച് 31-ാം തീയതി കഴിഞ്ഞ് ഒരു ദിവസം പോലും മുന്നോട്ടുപോയി നിയമസഭ കൂടാൻ സാധിക്കാത്ത ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇന്ന് ഈ സഭ സമ്മേളിക്കുന്നത്. 1971-ൽ മാർച്ചുമാസം 12-ാം തീയതി മുതൽ ഏപ്രിൽ മാസം 31-ാം തീയതിവരെ നിയമസഭ കൂടിയപ്പോൾ ആ സമയത്ത് നിയമനിർമ്മാണത്തിനാവശ്യമായ സമയമുണ്ടായിരുന്നു. ഇവിടെ വളരെ പ്രധാനപ്പെട്ട നിയമനിർമ്മാണങ്ങളും നടത്താറുണ്ട്. വാട്ടർ ആൻഡ് വേസ്റ്റ്വാട്ടർ അതോറിട്ടിയുടെ ഒരു റൂളിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ, ഈ സഭയിലെ 3 അംഗങ്ങൾ, ഭേദഗതി അവതരിപ്പിക്കുകയുണ്ടായി. അത് ഈ സഭയിൽ മൂവ് ചെയ്യുകയും ചെയ്തതാണ്. കഴിഞ്ഞ സമ്മേളനത്തിൽ അത് ചർച്ചചെയ്യാൻ കഴിഞ്ഞില്ല. ഈ സമ്മേളനത്തിൽ ചർച്ച ചെയ്യാൻ അവസരമില്ല. ഇനിയൊരു സമ്മേളനം കൂടുമോ എന്നുള്ളതിനെക്കുറിച്ച് ഉറപ്പില്ല. അങ്ങയുടെ റൂളിംഗിനെ ലംഘിച്ചുകൊണ്ട് അതിനുശേഷം ഇപ്പോൾ മറ്റൊരു ചട്ടം നോട്ടിഫൈ ചെയ്തിരിക്കുകയാണ്. ഇങ്ങനെ ഭരണഘടനാ വിരുദ്ധമായി നിയമസഭയുടെ എല്ലാ അവകാശങ്ങളും കവർന്നെടുത്തുകൊണ്ടുള്ള ഒരു ഭരണമാണ് ഇവിടെ നടക്കുന്നത്. ഫെബ്രുവരി 23-ാം തീയതി ഈ നിയമസഭ കൂടുന്നതിന്റെ തലേ ആഴ്ചയിൽ ഒരു ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് ആൻഡ് ടെക്നോളജി ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. ഓർഡിനൻസ് നമ്പർ-2. ജനാധിപത്യവിരുദ്ധമായ ഒരു ഓർഡിനൻസാണിത്. സിൻഡിക്കേറ്റ് മെമ്പറെ സസ്പെൻഡ് ചെയ്യാനുള്ള അവകാശം യൂണിവേഴ്സിറ്റി വൈസ്ചാൻസിലർക്ക് നൽകിക്കൊണ്ടുള്ള ഒരു ഓർഡിനൻസാണ് ഇറക്കിയിട്ടുള്ളത്. ഇങ്ങനെ ജനാധിപത്യവിരുദ്ധമായ നടപടികൾക്കുള്ള അവസരമെന്നുള്ള നിലയിൽ, നിയമസഭയെ മറികടക്കാനുള്ള ഒരു പരിശ്രമമാണ് ഇവിടെ നടക്കുന്നത്. അങ്ങ് സൂചിപ്പിച്ചതിനെക്കുറിച്ച് ഒരുവാക്ക്. അങ്ങ് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട സമയത്ത് സഭയിലെ അംഗങ്ങൾക്ക് എല്ലാ അവകാശങ്ങളും പൂർണ്ണമായി നൽകുമെന്ന് പറയുകയുണ്ടായി. ഗവൺമെന്റിന്റെ ബിസിനസ് ട്രാൻസ്സാക്ട് ചെയ്യാനുള്ള ബാദ്ധ്യത അങ്ങേക്കുണ്ട്. എന്നാൽ അതേസമയംതന്നെ ഇപ്പുറത്തുള്ള അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാദ്ധ്യതകൂടി ഉണ്ട് എന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭയിൽനിന്ന് ഇറങ്ങിപ്പോകുന്നു.

(ശ്രീ. കാനം രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന് ഒരു ഓർഡിനൻസ്വഴി നിയമസഭ കൂടാൻ കഴിയുമായിരുന്നെങ്കിൽ അത് ചെയ്യുമായിരുന്നു. അത് ചെയ്യാൻ മടിക്കുന്ന ഗവൺമെന്റല്ല. ഇവിടെ ശ്രീ. ബേബിജോൺ അവതരിപ്പിച്ച അടിയന്തിരപ്രമേയം നിഷേധിച്ച

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയുടെ വികാരത്തെ മാനിക്കുന്നു. യഥാർത്ഥത്തിൽ ഗവൺമെൻറിന്റെ ഭരണസ്തംഭനം ഒഴിവാക്കണം, നിയമസഭാനടപടികളും ഭരണഘടനയുടെ സത്തയും പാലിക്കണം. അങ്ങ് ഇന്ന് ചെകുത്താനും കടലിനും ഇടയ്ക്കാണ്. കാരണം ഞങ്ങളുടെ അവകാശങ്ങൾ ഉറപ്പിക്കാൻ ശ്രമിച്ചാൽ, ചട്ടങ്ങൾ പാലിക്കാൻ ശ്രമിച്ചാൽ, ഈ ഗവൺമെൻറ് ഇന്ന് ഇറങ്ങിപ്പോകണമെന്ന് അങ്ങേക്ക് പറയേണ്ടിവരും. നിങ്ങൾക്ക് ഭരിക്കാൻ അധികാരമില്ലായെന്ന് അങ്ങേക്ക് പറയേണ്ടിവരും. സ്പീക്കർ എന്നുള്ള നിലയ്ക്ക് അങ്ങേക്ക് അത് പറയാൻ വയ്യ. ബഡ്ജറ്റ് പാസാക്കാൻ മറ്റു ഗത്യന്തരമില്ലാത്തതുകൊണ്ടാണ്. ഈ അടിയന്തിര പ്രമേയം അനുവദിക്കാത്തതെന്ന് ഞങ്ങൾക്ക് പൂർണ്ണമായും ബോദ്ധ്യമുണ്ട്. എന്തുകൊണ്ടാണ് നിയമസഭ വിളിച്ചുകൂട്ടാൻ വൈകി എന്നതിനെക്കുറിച്ച് അദ്ദേഹം ഒരു വാക്ക് ഇവിടെ പറഞ്ഞോ? ഞാൻ അത് അംഗീകരിക്കാം. അദ്ദേഹം പറയട്ടെ എന്തുകൊണ്ടാണ് ഈ 14-ാം തീയതിവരെ കാത്തിരുന്നത്? എന്തുകൊണ്ട് നേരത്തേ വിളിച്ചില്ല? രാഷ്ട്രീയ പ്രതിസന്ധി ഉണ്ടായോ? മറ്റു പ്രശ്നങ്ങൾ ഉണ്ടായോ? മന്ത്രിസഭ കൂടിയില്ലേ? കൂട്ടത്തിൽ ആരെങ്കിലും തടസ്സം നിന്നോ? ആരെങ്കിലും എതിർത്തോ? നിയമസഭാ സെക്രട്ടേറിയറിന് താല്പര്യമില്ലാത്തതുകൊണ്ടാണോ? അല്ലെങ്കിൽ ഗവർണ്ണറെ കിട്ടാത്തതുകൊണ്ടാണോ? അദ്ദേഹം ന്യായീകരിക്കണം. ഈ സഭയിൽ അദ്ദേഹം ഇതിനെ എതിർക്കുമ്പോൾ എന്തുകൊണ്ടാണ് എതിർക്കുന്നതെന്ന് പറയണം. മുഖ്യമന്ത്രി ശ്രീ. കരുണാകരൻ അത് എതിർക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥമെന്താണ്? പറയാൻ ഒരു കാരണവുമില്ലാതെ മനഃപൂർവ്വമാണോ നീട്ടിക്കൊണ്ടുപോയത്? ഒരു കാരണവുമില്ലാതെയല്ല, ഈ നിയമസഭയുടെ അവകാശങ്ങളെ വരിഞ്ഞുകെട്ടുകയാണ്. ഈ 31-ാം തീയതിക്കുശേഷം നിയമസഭ കൂടുന്നില്ല. 48, 49, 50 ചട്ടങ്ങൾ പ്രകാരം അങ്ങയുടെയും ഞങ്ങളുടെയും ഈ സഭയുടെയും അധികാരങ്ങൾ ബോധപൂർവ്വം തകർക്കുകയാണ്.

അതുപോലെതന്നെ ഓർഡിനൻസുകൾ 6 ആഴ്ചയ്ക്കകം പാസാക്കണമെന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്. ഇന്നുള്ള ഓർഡിനൻസുകൾ 6 ആഴ്ചകൾക്കകം പാസാക്കുമെന്നാണോ അതിന്റെ അർത്ഥം? ഈ ഗവൺമെൻറിന്റെ 4 കൊല്ലത്തെ പ്രവർത്തനമല്ല, വരാൻ പോകുന്ന കാലഘട്ടത്തിലും ഈ നിയമസഭ നിയമനിർമ്മാണത്തിന് ഉപകരിക്കാത്ത ഒരു ഉപകരണമാക്കി മാറ്റുകയാണ് ഈ ഗവൺമെൻറ് ചെയ്യുന്നത്. അതുകൊണ്ട് അടിയന്തിര പ്രമേയം ചർച്ച ചെയ്യണം. നിയമസഭയുടെ അവകാശങ്ങൾ ഉറപ്പിക്കാനുള്ള ഒരു ചർച്ച അനുവദിക്കാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭവിട്ട് ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി)

ശ്രീ. ബേബി ജോൺ: സർ, ഞാൻ വീണ്ടും ഒരു പ്രസംഗത്തിന് നിൽക്കുകയല്ല. എങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വിശദീകരണത്തിൽ ഇത്രയും താമസിപ്പിച്ച് ഇത്രയും ചുരുങ്ങിയ കാലയളവിൽ ഇങ്ങനെ പ്രോഗ്രാം നിശ്ചയിക്കാൻ ഇടയാക്കിയ സാഹചര്യമെന്താണെന്ന് പറയാത്തതാണ് എനിക്ക് മനസ്സിലാകാത്തത്. ഏതെങ്കിലും അത്യാവശ്യ കാര്യങ്ങൾ കൊണ്ടായിരുന്നുവെങ്കിൽ നമുക്കതു മനസ്സിലാക്കാമായിരുന്നു. പക്ഷേ അദ്ദേഹം അക്കാര്യത്തെക്കുറിച്ച് ഒരക്ഷരവും പറഞ്ഞിട്ടില്ല. ഘടകകക്ഷികളുടെ വിലപേശലിൽ ഈ നിയമസഭാ പ്രവർത്തനം സ്തംഭിക്കുകയാണ് ചെയ്തത്. അവസാനംവരെ അത് നീട്ടിക്കൊണ്ടുപോകുകയാണ് ഉണ്ടായത്. എന്നിട്ടാണ് ഇവിടെ ന്യായം പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ന്യായം പാർലമെന്ററി ജനാധിപത്യത്തിനു നിരക്കുന്നതാണോ? ഭരണഘടനയുടെ സ്പിരിറ്റിനു നിരക്കുന്നതാണോ ? അപ്പോഴും ജനാധിപത്യത്തെക്കുറിച്ചുള്ള ഇവരുടെ പ്രസംഗം വെറുതേയാണ്. അതുപോലെ അദ്ദേഹം പറഞ്ഞു 249 ഓർഡിനൻസിൽ 32 അല്ലേയുള്ളുവെന്ന്. 9 പ്രാവശ്യം റീ ഇഷ്യൂ ചെയ്ത ഓർഡിനൻസ് ഉണ്ട്. ഈ സർക്കാരിന് ഇത് ഭൂഷണമല്ല. അങ്ങയുടെ പരിമിതികൂടി അറിയാമെങ്കിലും, മുഖ്യമന്ത്രി തീർച്ചയായും അനാരോഗ്യകരമായ കീഴ്വഴക്കമാണ് സൃഷ്ടിക്കുന്നത്. പാർലമെന്ററി ജനാധിപത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി വാസ്തവത്തിൽ അദ്ദേഹം ചർച്ചചെയ്യാൻ സമ്മതിക്കേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ മർക്കടമുഷ്ടികൊണ്ട് ഘടകകക്ഷികളോട് വിലപേശാൻവേണ്ടി നിയമ സഭയെ ഉപകരണമാക്കിയ ഈ സ്ഥിതിയിൽ പ്രതിക്ഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിലെ മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ അടിയന്തിര പ്രമേയം അനുവദിക്കേണ്ടതായിരുന്നു. അങ്ങയുടെ ഉള്ളിലുള്ളത് അനുവദിക്കണമെന്നാണെന്നാണ് എനിക്ക് തോന്നിപ്പോകുന്നത്. അത് തെറ്റായിരിക്കാം. പക്ഷേ അങ്ങയുടെ സ്ഥാനത്തിരുന്ന് അനുവദിക്കാൻ പ്രയാസമുണ്ട് എന്നുള്ളതിന് എനിക്ക് യാതൊരു സംശയവുമില്ല. ഡോ. അംബേദ്ക്കറും അദ്ദേഹത്തിന്റെ സുഹൃത്തുക്കളുമെല്ലാംകൂടി ഉണ്ടാക്കിയിട്ടുള്ള ഭരണഘടന ഇതേപോലുള്ള ഒരു മന്ത്രിസഭ നമ്മുടെ രാജ്യത്ത് ഉണ്ടാകുമെന്നുള്ളത് വിഭാവനം ചെയ്തില്ലായെന്നുള്ളതാണ് അവരുടെ തെറ്റ്. അവർ ഇതുകൂടി കണ്ടിട്ടായിരുന്നു ഭരണഘടന ഉണ്ടാക്കിയിരുന്നതെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതായ കാര്യങ്ങളൊന്നുംതന്നെ പറയേണ്ടിവരുമായിരുന്നില്ല. പാർലമെന്ററി ജനാധിപത്യത്തെ ഉന്തിത്തള്ളി അവസാനിപ്പിക്കാനുള്ള പരിപാടിയാണ് ഈ തരത്തിലുള്ള നിയമസഭ എന്നാണ് എനിക്കിതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിനോട് യോജിക്കുവാൻ സാധിക്കുകയില്ല. ഇത്തരത്തിലുള്ള ഒരു പ്രശ്നം സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡ്യയിൽ കേന്ദ്രത്തിലോ ഏതെങ്കിലും സംസ്ഥാനത്തിലോ, അടിയന്തിരാവസ്ഥക്കാലത്തുപോലുമോ ഉണ്ടായിട്ടില്ലായെന്നുള്ളത് ഞാൻ വ്യക്തമാക്കുകയാണ്. അതുകൊണ്ട് ഈ കാര്യം ചർച്ചചെയ്യേണ്ടതാണ്. ചർച്ച ചെയ്യാനായിട്ട് അനുവദിക്കാത്ത ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി).

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാൻ ഈ സഭയിൽനിന്ന് വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ലോനപ്പൻ നമ്പാടൻ സഭവിട്ട് ഇറങ്ങിപ്പോയി).

V ശ്രദ്ധക്ഷണിക്കൽ

(1) നാളികേരത്തിന്റെ വിലയിടിവ്

ശ്രീ. തച്ചടി പ്രഭാകരൻ: സർ, കേരളത്തിലെ 20 ലക്ഷത്തോളം വരുന്ന ചെറുതും വലുതുമായ കൃഷിക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചും, കേരളത്തിൽ നാളികേരത്തിന്റെ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly